# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Januvary 15 - 2009

# മെത്രാൻ കക്ഷികളുടെ കാപട്യം ചർച്ച പൊളിച്ചു

**നിരീക്ഷകൻ**

ഒരിക്കൽ കൂടി ചർച്ച പൊളിഞ്ഞു. കഴിഞ്ഞയാഴ്ച എറണാകുളത്ത്, ഇപ്രാവശ്യം തിരുവനന്തപുരത്ത്. ആരാ ചർച്ചക്ക് വിളിച്ചതെന്ന് അറിയേണ്ടേ? ബഹു. കേരള മുഖ്യമന്ത്രി തന്നെ. ചർച്ചയിൽ പങ്കെടുത്തത് ആരൊക്കെയാണെന്ന് അറിയേണ്ടേ? ബഹു. കേരള മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ, ബഹു. ആഭ്യമന്ത്രി കൊടിയേരി ബാലകൃഷ്ണൻ, ബഹു. ഫിഷറീസ് മന്ത്രി എസ്. ശർമ, ബഹു. ചീഫ് സെക്രട്ടറി പി. ജെ. തോമസ്, നിയുക്ത ചീഫ് സെക്രട്ടറി കെ. ജെ.  മാത്യു, ബഹു. ഡി.ജി.പി. ജേക്കബ് പുന്നൂസ്, എ.ഡി.ജി.പി. സിബി മാത്യു, ഐ.ജി. വിൻസന്റ് പോൾ, എറണാകുളം ജില്ലാ കളക്ടർ ഡോ. ബീന, ആലുവ എസ്.പി. വിജയൻ, ആലുവ ആർ ഡി ഒ, ആലുവ തഹസിൽദാർ അടക്കമുള്ള പ്രമുഖർ. ഇതിൽ കൂടുതൽ പ്രഗത്ഭർ ആരാണുള്ളത് നിരീക്ഷകന് സംശയം. ബഹു. ഗവൺമെന്റ് ഈ ചർച്ചക്ക് നൽകിയ പ്രാധാന്യത്തിന്റെ വലിപ്പം മുന്നെഴുതിയ പേരുകളിൽ നിന്നും മനസ്സിലാക്കാം. എറണാകുളത്ത് നിന്ന് തന്നെ തൃക്കുന്നത്ത് സെമിനാരി പ്രശ്നം കൈകാര്യം ചെയ്യുന്ന എല്ലാവരും തിരുവനന്തപുരത്ത് എത്തിയിരിക്കുന്നു. ഇനിയും ചർച്ചയിൽ പങ്കെടുത്ത രണ്ടു പക്ഷക്കാരേയും നമുക്കൊന്നു കണ്ണോടിക്കാം. യാക്കോബായ സഭയെ പ്രതിനിധീകരിച്ചതാരെല്ലാം? 1. പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത. 2. സിംഹാസന പളളികളുടെ കുര്യാക്കോസ് മോർ ദിയസ്കോറോസ് മെത്രാപ്പോലിത്ത. 3. സമുദായ സെക്രട്ടറി ബാർഈത്തോ മഹീറോ തമ്പു ജോർജ്ജ് തുകലൻ.

യാക്കോബായ സഭ അതിന്റെ ഏറ്റവും പ്രഗത്ഭരെ തന്നെ ചർച്ചക്ക് നിയോഗിച്ചു.

പക്ഷേ മെത്രാൻ കക്ഷികൾ നിയോഗിച്ച മാന്യന്മാർ ആരാണെന്ന് അറിയേണ്ടേ ? യാക്കോബായ സഭയിൽ നിന്നും കൂറുമാറിയ രണ്ട് വൈദീകർ. അതിൽ ഇടയനാൽ എന്ന വിരുതനെ എല്ലവർക്കും അറിയാം. എറണാകുളം ജില്ലയിൽ പുലഭ്യം വിളിച്ചു കൂവാൻ ഇതുപോലൊരു കേമൻ കഥാപ്രസംഗകനെ കാണില്ല. നമ്മുടെ നാട്ടിലെ ചന്തകളിൽ ഇതിലും നന്നായി സംസാരിക്കുന്നവർ ഉണ്ട്. യാക്കോബായ സഭാ നേതൃത്വത്തെ പുലഭ്യം പറയാൻ ഈ കാലുമാറിയ വൈദീക വേഷധാരിയെയാണ് രംഗത്തിറക്കിയത്. ക്ഷമിക്കണം! ഇദ്ദേഹത്തിന് സഭാ നേതൃത്വത്തിലുള്ള സ്ഥാനം എന്താണെന്ന് നിരീക്ഷകന് അറിയില്ല.

രണ്ടാമൻ അതിൽ കേമൻ. സ്വന്തം വല്ല്യപ്പന്റെ പാരമ്പര്യത്തെ വിട്ടൊഴിഞ്ഞ് ദ്രവ്യാഗ്രഹത്തിനും സ്ഥാനത്തിനും വേണ്ടി പൂർവ്വീക സഭയെ ഒറ്റുകൊടുത്ത പാരമ്പര്യത്തിന് ഉടമ. പിതാമഹന്മാർ പഠിപ്പിച്ചതും പറഞ്ഞതുമായ സത്യവിശ്വാസത്തിൽ നിന്നും മറുതലിച്ച് പോയ ഡോക്ടറേറ്റുധാരി. അദ്ദേഹത്തിന് അന്ത്യോഖ്യൻ പാരമ്പര്യങ്ങൾ അറിയില്ല, അന്ത്യോഖ്യൻ ലിറ്റർജി അറിയില്ല, അന്ത്യോഖ്യൻ വേഷത്തെക്കുറിച്ചും അറിയില്ല. ഇതൊക്കെ അറിയാമായിരുന്ന മാത്തൻ കോറെപ്പിസ്കോപ്പായേ അദ്ദേഹം അറിയുമോ എന്ന് നിരീക്ഷകന് അറിയില്ല.

മൂന്നാമൻ ഉദിച്ചു വരുന്ന താരം. അഹംഭാവം മുറ്റിയിട്ട് സമനില തെറ്റിയവനെപ്പോലെ പുലഭ്യം പറയുന്നു. ഏത് പക്ഷത്തെങ്കിലും ഒരു സീറ്റ് കിട്ടണമെന്നാണ് ഈ രാഷ്ട്രീയ ഭിക്ഷാന്തേഹിയുടെ ആഗ്രഹം. നിരീക്ഷകൻ തിരക്കി എന്താണ് ഈ മൂന്ന് വിരുതന്മാരെ മാത്രം ചർച്ചക്ക് വിട്ടത്? ഒരു മെത്രാൻ കക്ഷിക്കാരൻ പ്രതികരിച്ചു. മുഖ്യമന്ത്രി വിളിച്ചാൽ ചർച്ചക്ക് പോകാൻ ഞങ്ങളുടെ മെത്രാനെ കിട്ടില്ല. ഞങ്ങളുടെ സുന്നഹദോസ് സെക്രട്ടറിയേയും കിട്ടില്ല. മുഖ്യമന്ത്രി ആരാ? ഞങ്ങളുടെ മെത്രാന്മാർ ആരാ? കേരളത്തിൽ മൂന്നുകോടി ജനങ്ങളുടെ ഭരണത്തലവനായ മുഖ്യമന്ത്രി വിളിച്ചാൽ, രണ്ടായിരം വർഷത്തെ പാര്യമ്പര്യമുണ്ടെന്ന് അവകാശപ്പെടുന്ന ഞങ്ങൾ അങ്ങോട്ടു ചെല്ലണമോ. അതിന് ഞങ്ങളെ കിട്ടില്ല. അദ്ദേഹത്തിന് വേണമെങ്കിൽ ദേവലോകത്ത് വരട്ടെ. പ. ആബൂനായും ഒക്കെ ചെയ്തത് അതല്ലേ.

ഒരു ചർച്ചയും പൂർണ്ണതയിലെത്തിക്കാതിരിക്കാനുള്ള എല്ലാ അടവുകളും ഞങ്ങളുടെ കയ്യിൽ ഉണ്ട്. എന്തെങ്കിലും തീരുമാനം എടുക്കാൻ വരുമ്പോൾ പറയും ഞങ്ങൾക്ക് ആലോചിക്കാനുണ്ട്. ഇപ്പോൾ മറുപടി പറയുവാൻ ഞങ്ങളെക്കൊണ്ട് ആവില്ല. ഞങ്ങൾക്ക് ദേവലോകത്ത് പല ആൾ ദൈവങ്ങളും ഉണ്ട്. അവരോട് ചോദിച്ചിട്ട് പറയാം. ഇങ്ങനെ പോകുന്നു ബുദ്ധിപ്രയോഗങ്ങൾ.

എല്ലാ നമ്പറുകളും അറിയാവുന്ന കേരളത്തിലെ ഭരണനേതൃത്വത്തിന്റെ അടുത്ത് ഫാ. കോനാട്ടിന്റെ പുതിയ നമ്പർ. ചർച്ച 27 ന് തുടങ്ങാം. അപ്പോൾ 26ലെ പെരുന്നാൾ കഴിയുമല്ലോ. പാമ്പാക്കുട ജനിച്ചവരെല്ലാവരും ഇത്ര ബുദ്ധിയുളളവർ ആയിരിക്കില്ല. ദേവലോക വാസവും പഴയസെമിനാരി കൂട്ടായ്മയും ഒരു മനുഷ്യനെ എങ്ങനെ മാറ്റിയെടുക്കാമെന്ന് നിരീക്ഷകന് ബോധ്യമായി.

അടുത്ത യുവകേസരിക്ക് ബുദ്ധി കുറവാണ്. ധാർഷ്ട്യവും അഹംഭാവവുമാണ്. രണ്ടു കൂട്ടരോടും ഞാൻ തിരഞ്ഞെടുപ്പിൽ നിൽക്കുവാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്  യാക്കോബായക്കാരെ പുച്ഛമാണ്. യാക്കോബായ സഭയെന്ന ഒന്നു ഇല്ലന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഏതായാലും തന്റെ പിതാവ് ബഹു. വൈദീക ശ്രേഷ്ഠൻ പത്താം ക്ലാസ് പാസായിട്ടുണ്ടെങ്കിൽ ആ എസ്.എസ്.എൽ.സി ബുക്ക് എടുത്തു നോക്കിയാൽ മനസിലാകും യാക്കോബായ സഭ ഉണ്ടെന്ന്. ഇല്ലെങ്കിൽ ഇടയനാലിന്റെ ബുക്ക് നോക്കിയാലും മതി.

ചർച്ചയുടെ ബാക്കി ഭാഗങ്ങൾ അടുത്ത ലക്കത്തിൽ